Movie Club Weekly Review **#MovieClub**

L2E: എമ്പുരാൻ

എഴുതിയത്: **Lijo Rachel George**

KGF ഉം RRR ഉം ഒക്കെ പോലൊരു ബിഗ് ബഡ്ജറ്റ് കോമേഴ്ഷ്യൽ എന്റർടെയ്നർ മൂവി, കുറഞ്ഞ ബഡ്ജറ്റ് സിനിമ മാത്രം കണ്ടു പരിചയിച്ച നമ്മുടെ മലയാളം സിനിമ മേഖലയിൽ നിന്നു പിറവി എടുക്കുക, എന്ന ലക്ഷ്യത്തിൽ സംവിധായകൻ പൃഥ്വിരാജ് സുകുമാരൻ ഒരുക്കിയ ചിത്രമാണ് ലൂസിഫർ ഫ്രഞ്ചൈസിയുടെ രണ്ടാം ഭാഗമായ എമ്പുരാൻ എന്ന മാസ്സ് ആക്ഷൻ ത്രില്ലർ.

അതുകൊണ്ട് തന്നെ മലയാളം ഇതുവരെ കണ്ടതിൽ വെച്ചു ഏറ്റവും കൂടിയ ബഡ്ജറ്റിൽ, മലയാളത്തിൽ നിലവിലുള്ള മറ്റൊരു സംവിധായകനും ചിന്തിക്കാൻ പറ്റാത്ത വിധത്തിൽ, ഹോളിവുഡ് സിനിമകളോട് കിട പിടിക്കുന്ന തരത്തിലുള്ള മികവുറ്റ മേക്കിങ് രീതിയാണ് സിനിമയിൽ കാണാൻ സാധിക്കുക.മികവുറ്റ
വിഷ്വൽസുകൾ ഒരുക്കിയ സുജിത് വാസുദേവിന്റെ സിനിമട്ടോഗ്രാഫിയും അഖിലേഷ് മോഹന്റെ എഡിറ്റിങ്ങും എടുത്തു പറയേണ്ടത് തന്നെ.

ശരിക്കും ഒരു വിദേശ ഭാഷാ ചിത്രം കാണുന്ന ഫീലിലാണ് സിനിമയുടെ ഭൂരിഭാഗവും കണ്ടു തീർത്തത്. സിനിമയിലെ ഓരോ ഫ്രെയിംസും കാണുമ്പോൾ ഇതുപോലെ ഒരു സിനിമയൊക്കെ കേരളത്തിൽ നിന്നു വന്നതിന്റെ അവിശ്വസനീയതയും അഭിമാനവും ഒക്കെ കലർന്ന ഭാവമായിരുന്നു കൂടുതൽ സമയവും എനിക്ക് തോന്നിയത്.

ദീപക് ദേവ് ഒരുക്കിയ BGM ചില സമയങ്ങളിൽ വളരെ സാധാരണ പോലെ തോന്നിയപ്പോൾ ചിലയിടങ്ങളിൽ മികച്ചു നിന്നു.ഒരു പാട്ടു ആസ്വാദ്യമല്ലാതെ അനുഭവപ്പെട്ടപ്പോൾ, മറ്റെല്ലാത്തിലും സംഗീതം സിറ്റുവേഷനു മാച്ചാകുന്ന തരത്തിലുള്ള കിടു ഫീൽ നല്കുന്നതായി അനുഭവപ്പെട്ടു.

മറ്റൊരു പ്രധാന കാര്യം ഇതിന്റെ ഫൈറ്റ് സീക്വൻസുകളാണ്. പ്രേക്ഷകർക്ക് ആകാംക്ഷ ഉളവാക്കുന്നതിൽ ഇതിന്റെ ഫൈറ്റ് രംഗങ്ങൾ വിജയിച്ചിട്ടുണ്ട്. അതിൽ തന്നെ രണ്ടാം പകുതിയിലുള്ള ജംഗിൾ ഫൈറ്റ് എടുത്തു പറയേണ്ടത് തന്നെ. എന്നാൽ അവസാനം CLIMAX രംഗത്തെ FIGHT ആ നിലവാരത്തിൽ എത്തിയില്ല..

ലൂസിഫറിന്റെ തുടർച്ച എന്ന രീതിയിൽ അവതരിപ്പിക്കുമ്പോഴും, ഒരു സ്വതന്ത്ര സിനിമയായും ഇതിനെ ആസ്വദിക്കാവുന്ന രീതിയിലാണ് മേക്കിങ്. ലൂസിഫർ, സ്റ്റീഫനെ പറ്റി പറഞ്ഞപ്പോൾ, ലൂസിഫർ സിനിമ പറഞ്ഞു അവസാനിപ്പിച്ചയിടത്തു നിന്നു തുടങ്ങുന്ന എമ്പുരാൻ, ഖുറേഷി അബ്രാമിന്റെയും സയീദ് മസൂദിന്റെയും കഥ പറയുന്നു.

എമ്പുരാൻ എന്നാൽ രാജാവിനും ദൈവത്തിനും ഇടയിൽ നില്ക്കുന്നവൻ

എന്നതാണ് സംവിധായകന്റെയും തിരക്കഥാകൃത്തിന്റെയും ഭാഷ്യം.

അതുപോലെ ഒരു വൈഡ് ആംഗിളിൽ നിന്നു ഗാങ് വാറും രാഷ്ട്രീയവും ഡ്രഗ്സും ഉൾപ്പെടെയുള്ള പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്നത് കൊണ്ട് തന്നെ ഇതിൽ കഥാപാത്രങ്ങൾ ഒരുപാടാണ്.ലൂസിഫറിൽ സ്റ്റീഫൻ നെടുമ്പള്ളിയും ബിമൽ നായരെന്ന ബോബിയും നിറഞ്ഞു നിന്നത് പോലൊരു ഫുൾടൈം നായകനോ വില്ലനോ എമ്പുരാനിൽ ഇല്ല. അതിനൊപ്പം സ്റ്റീഫൻ നെടുമ്പള്ളിയായി മോഹൻലാൽ എത്തുന്ന രംഗങ്ങൾ കുറവായതും കൂടിയാകുമ്പോൾ മലയാളികളിൽ ചിലർക്കെങ്കിലും പടം ഇമോഷണലി കണക്ട് ആയില്ല എന്ന് തോന്നാനിടയുണ്ട്.

എന്നാൽ അമിത പ്രതീക്ഷ ഇല്ലാതെ സിനിമ പറയുന്ന പ്രമേയം ഉൾക്കൊണ്ടു കൊണ്ട് ആസ്വദിക്കാൻ ശ്രമിച്ചാൽ സിനിമ നല്ലൊരു ദൃശ്യാനുഭവവുമാണ്.

ലൂസിഫറിലെ പോലെ എമ്പുരാനിൽ ഡയറക്റ്റ് ആയിട്ടു കഥ പറഞ്ഞു പോകുന്ന രീതിയല്ല. പല ഭാഷകളിൽ പല രാജ്യത്തായി നടക്കുന്ന സംഭവങ്ങൾ നമ്മൾ സ്വയം കണ്ടു മനസ്സിലാക്കേണ്ടതായി ട്ടുണ്ട്.അപ്പോഴും ലൂസിഫറിലെ പോലൊരു ക്യൂരിയോസിറ്റി ഫാക്ടർ എമ്പുരാനിൽ അനുഭവപ്പെടുന്നില്ല.അതുപോലെ ലൂസിഫറുമായി താരതമ്യപ്പെടുത്തുമ്പോൾ നായകന് സ്ക്രീൻ സ്പേസും പഞ്ചു ഡയലോഗുകൾ കുറഞ്ഞു പോയതുമാണ് ശരാശരി മലയാളി പ്രേക്ഷകർ സിനിമയെ ഇഷ്ടപ്പെടാത്തതിന് ഒരു കാരണം.

മോഹൻലാലും പൃഥ്വിരാജും ഇന്ദ്രജിത്തും ടോവിനോയും സായികുമാറും ബൈജുവും നന്ദുവും സുരാജും കാർത്തിയേക ദേവും തുടങ്ങി എല്ലാവരും തന്നെ അവരവരുടെ വേഷം ഭംഗിയായി അവതരിപ്പിച്ചപ്പോൾ എനിക്ക് ഇതിൽ ഏറ്റവും ഇഷ്ടപ്പെട്ടത് രണ്ടു സ്ത്രീ കഥാപാത്രങ്ങളുടെ പ്രകടനമാണ്.

അതിൽ ഒന്നാമത്തേത് ആൻഡ്രിയ അവതരിപ്പിച്ച മെനുഹിൻ. കോൺഫിഡൻസ് ലെവലിന്റെ പാരമ്യതയിൽ നില്ക്കുന്ന ബോഡി ലാംഗ്വേജ് ആണ് മെനുഹിനിൽ ഞാൻ കണ്ടത്. വീണ്ടും വീണ്ടും കാണാൻ തോന്നിപ്പിക്കുന്ന തരത്തിലൊന്ന്.

രണ്ടാമത്തേത് മഞ്ജു വാര്യറിന്റെ രണ്ടാം പകുതിയിലെ പ്രകടനം. ലൂസിഫറിൽ ഒരു അമ്മയുടെയും ഭാര്യയുടെയും മകളുടെയും സഹോദരിയുടെയും വൈകാരിക തലങ്ങൾ കൂടുതൽ വെളിവാക്കിയ പ്രിയദർശിനി ഇക്കുറി കരുത്തുറ്റ സ്ത്രീ കഥാപാത്രമായി രൂപാന്തരം പ്രാപിച്ചതും ആ സമയത്തെ പ്രകടനവും എനിക്ക് ശരിക്കും രോമാഞ്ചമുളവാക്കുന്നത് തന്നെ ആയിരുന്നു.

ലൂസിഫർ ഉൾപ്പെടെ മറ്റു പല സിനിമകളെയും പോലെ ഇതിലും രാഷ്ട്രീയമുണ്ട്.പക്ഷെ ഏതൊരു സിനിമയിലെയും രംഗങ്ങൾ നമുക്ക് ഏത് രീതിയിൽ കണക്ട് ചെയ്യപ്പെടുന്നു എന്നുള്ളത് നമ്മുടെ ഉള്ളിൽ എത്രത്തോളം രാഷ്ട്രീയ ബോധം ഉണ്ടെന്നത് അനുസരിച്ചാണ് എന്നാണ് എന്റെ അഭിപ്രായം.ഇത് പറയാൻ കാരണം വിവാദമായ രംഗങ്ങൾ ഏതൊരു

സാധാരണ സിനിമയിലെയും ഇമാജിനേറ്റീവ് ഫ്ലാഷ്ബാക്ക് സ്റ്റോറി പോലെ മാത്രം അനുഭവപ്പെട്ട ഒരാളാണ് ഞാനും എന്നത് തന്നെ.

മേക്കിങ്ങ് കൊണ്ട് കിടിലനാകുമ്പോഴും രണ്ടാം പകുതിയിൽ സ്ക്രിപ്റ്റ് ചെറുതായി പാളി പോകുന്നുണ്ട്. തുടക്കത്തിൽ നല്ല ഇൻവോൾവ് ചെയ്തു കാണാൻ മാത്രം വൈകാരികത അനുഭവപ്പെട്ട സയീദിന്റെ പാസ്റ്റ് വർത്തമാന കാലത്തിലേക്ക് വരുമ്പോൾ അതുവരെയുള്ള സിനിമയുടെ അനുസ്യൂതമായ ഒഴുക്കിനു ഭംഗം വരുത്തുന്നുണ്ട്. അതുപോലെ ക്ലൈമാക്സ് രംഗങ്ങളിൽ പറയുന്ന മോട്ടീവും അത് എക്സിക്യൂട്ട് ചെയ്ത രീതിയും അത്ര കൺവിൻസിങ് ആയില്ല. ആ ഭാഗങ്ങളിൽ ഖുറേഷി അബ്രാമിന്റെ കഥാപാത്രത്തിനു മാറ്റു കുറഞ്ഞു പോയത് പോലെയും അനുഭവപ്പെട്ടു. എന്ന് വെച്ചു ലാഗ് ഒന്നും അനുഭവപ്പെട്ടതുമില്ല താനും. ഇത് രണ്ടും മാത്രമാണ് സിനിമ കണ്ടു കൊണ്ടിരുന്ന സമയത്ത് വ്യക്തിപരമായി എന്റെ ആസ്വാദനത്തെ ബാധിച്ചത്.ബാക്കി ഒക്കെ ഞാൻ ഒരു ക്രിട്ടിക് എന്ന രീതിയിൽ ആലോചിച്ചു പറഞ്ഞതാണ്. അതുകൊണ്ട് തന്നെ ന്യൂനതകൾക്കിടയിലും ഒരു എബോവ് ആവറേജ് മൂവി എന്ന് തന്നെയാണ് എമ്പുരാൻ എനിക്ക് അനുഭവഭേദ്യമായത്.

മുരളി ഗോപിയുടെ സ്ക്രിപ്റ്റിലെ ഇത്തരം പിഴവുകൾ കൂടി തിരുത്തി കൊണ്ട് കുറച്ചു കൂടി കൺവിൻസിങ് ആയതും ഡെപ്ത്തുള്ളതുമായ തിരക്കഥ ആയിരുന്നുവെങ്കിൽ, ഇപ്പോഴേ റെക്കോർഡുകൾ വാരിക്കൂട്ടുന്ന സിനിമ വേറെ ലെവലിലേക്ക് പോയേനെ എന്നത് ഉറപ്പാണ്.

മലയാളത്തിലെ ആദ്യത്തെ ഐമാക്സ് (imax), എപ്പിക് (epiq) ഫോർമാറ്റ് ചിത്രം കൂടിയാണ് എമ്പുരാൻ.

എമ്പുരാൻ, പലരും പറഞ്ഞത് പോലെ, മേക്കിങ് വൈസ് മോർ താൻ ലൂസിഫർ, സ്ക്രിപ്റ്റ് വൈസ് ലെസ്സ് താൻ ലൂസിഫർ, എന്ന് തന്നെ പറയാം.